"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - പാരിപ്പള്ളി ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീ.കിഷോർ.എ.എൽ -ന് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.245/2026/LBR തീയതി,തിരുവനന്തപുരം, 21-02-2026

---

പരാമർശം:- 1) 24.08.2017 ലെ സ.ഉ. (പി) നം. 112/2017/ധന.

2) ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീ.കിഷോർ.എ.എൽ യുടെ 11.07.2025-ലെ അവധി അപേക്ഷ.

3) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 21.12.2024, 16.03.2025, 22.12.2025 എന്നീ തീയതികളിലെ ഇ4-3976/2024/ഡി.ഐ.എം.എസ് നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ പാരിപ്പള്ളി ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീ.കിഷോർ.എ.എൽ 17.03.2024 ൽ ജോലിയ്ക്ക് വരുന്ന സമയത്ത് റോഡപകടത്തിൽ പരിക്കേറ്റതിനെ തുടർന്ന് ജോലിയ്ക്ക് ഹാജരാകാതിരുന്ന 17.03.2024 മുതൽ 13.07.2024 വരെ 119 ദിവസം പ്രത്യേക അവശതാവധിയായും തുടർന്ന് 14.06.2024 മുതൽ 11.10.2024 വരെ 90 ദിവസം ആർജ്ജിതാവധിയായും തുടർന്നുള്ള 61 ദിവസം (12.10.2024 മുതൽ 11.12.2024 വരെ) വ്യക്തിപരമായ ആവശ്യത്തിനായി ശൂന്യവേതനാവധിയായും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ പാരിപ്പള്ളി ഇ.എസ്.ഐ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ആയ ശ്രീ.കിഷോർ.എ.എൽ -ന് 17.03.2024 മുതൽ 13.07.2024 വരെ 119 ദിവസത്തേക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധിയും 14.06.2024 മുതൽ 11.10.2024 വരെ 90 ദിവസം ആർജ്ജിതാവധിയും 12.10.2024 മുതൽ 11.12.2024 വരെ വ്യക്തിപരമായ ആവശ്യത്തിനായി ടി കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 88 പ്രകാരമുള്ള

ശൂന്യവേതനാവധിയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ശ്രീ.കിഷോർ.എ.എൽ, ഫാർമസിസ്റ്റ് ഗ്രേഡ് II, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (30.04.2025 ലെ 3124248/LBR-1/105/2025-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 21-02-2026 14:43:45
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.